**യോഹന്നാന്റെ ജീവ-പഠനം**

**ദൂത് നാൽപത്തിമൂന്ന്**

**വർദ്ധനവിനായി പ്രക്രിയാവിധേയമായ ജീവൻ (2)**

**തിരുവെഴുത്ത് വായന: യോഹന്നാൻ 18:1—19:42**

II. **യേശു ക്രൂശിക്കപ്പെട്ടും ക്രിസ്തു പുനരുത്ഥാനം ചെയ്തും മനുഷ്യനെ ദൈവത്തിലേക്കു കൊണ്ടുവരുവാനുള്ള വഴി ഒരുക്കുവാൻ പോകുകയും, ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കായി വിശ്വാസികളിൽ വസിക്കുവാനും ജീവിക്കുവാനും ആത്മാവായി വരുകയും ചെയ്യുന്നു—14:1—21:25**

C. **പെരുക്കത്തിനായി മരണപുനരുത്ഥാനങ്ങളിലൂടെയുള്ള ജീവന്റെ പ്രക്രിയ—18:1—20:13, 17**

1. പ്രക്രിയാവിധേയനാകുവാൻ സ്വമേധയാ ധൈര്യത്തോടെ തന്നെത്താൻ ഏൽപ്പിക്കുന്നു—18:1-11
2. തന്റെ ഔന്നത്യത്തിൽ മനുഷ്യരാശിയാൽ പരിശോധിക്കപ്പെടുന്നു—18:12-38a
   a. തങ്ങളുടെ മതത്തിൽ ദൈവത്തിന്റെ ന്യായപ്രമാണപ്രകാരം യെഹൂദന്മാരാൽ—വാ. 12-27
   b. തങ്ങളുടെ രാഷ്ട്രീയത്തിൽ മനുഷ്യന്റെ നിയമപ്രകാരം ജാതികളാൽ—വാ. 28-38a
3. ഇരുണ്ട രാഷ്ട്രീയത്തോടുകൂടെ അന്ധമായ മതത്താൽ മനുഷ്യന്റെ അധർമത്തിൽ ശിക്ഷവിധിക്കപ്പെടുന്നു—18:38b—19:16
4. ദൈവത്തിന്റെ സർവാധികാരത്തിൽ മരണത്താൽ പരീക്ഷിക്കപ്പെടുന്നു—19:17-30
5. രക്തവും ജലവും പുറത്തുവരുന്നു—19:31-37
6. മനുഷ്യ ആദരവോടെ വിശ്രമിക്കുന്നു—19:38-42

18:1—19:42~omitted

**തിങ്കൾ:**

**ആമുഖം:**

- യോഹന്നാൻ 18 ലും 19 ലും ഉള്ള പരിശുദ്ധാത്മാവിന്റെ ചിന്ത പ്രധാനമായും നമ്മുടെ പാപങ്ങളെ വഹിക്കുകയും നമ്മുടെ പാങ്ങൾക്കുവേണ്ടി ക്രൂശിന്മേൽ മരിക്കുകയും നമ്മുടെ പാപങ്ങളുടെ ശാപത്തിൽനിന്ന് നമ്മെ വീണ്ടെടുക്കുകയും ചെയ്യുന്ന വീണ്ടെടുപ്പുകാരനെ സംബന്ധിച്ചതല്ല.
- ഈ അദ്ധ്യായങ്ങളിലെ ചിന്ത പ്രധാനമായും മരണത്തിലേക്ക് പോകുകയും മരണപുനരുത്ഥാനങ്ങളിലൂടെ തന്നെത്തന്നെ വിടുവിക്കുകയും ചെയ്യുന്ന ജീവന്റെ വിത്തായ കർത്താവിനെ സംബന്ധിച്ചതാണ്.
- ഏക മണി അനേക മണികളായിത്തീർന്നു

V. **രക്തവും വെള്ളവും പുറപ്പെട്ടു—19:34**

- കർത്താവിന്റെ തുളയ്ക്കപ്പെട്ട വിലാപുറത്തുനിന്ന് രണ്ട് പദാർത്ഥങ്ങൾ പുറത്തുവന്നു. രക്തവും വെള്ളവും. രക്തം, സഭയെ വിലയ്ക്കുവാങ്ങുന്നതിനും (പ്രവൃ.20:28), പാപങ്ങളോട് ഇടപെടുന്നതിനും

(യോഹ.1:29; എബ്ര.9:22), വീണ്ടെടുക്കുന്നതിനും വേണ്ടിയും, വെള്ളം, സഭയെ ഉളവാക്കുന്നതിനായി (എഫെ. 5:29-31) മരണത്തോട് ഇടപെട്ട് (യോഹ.12:24;3:14-15) ജീവൻ പകരുന്നതിനുവേണ്ടിയും ആണ്.

- പ്രതിലോമവശത്ത്, കർത്താവിന്റെ മരണം നമ്മുടെ പാപങ്ങൾ ചുമന്നു നീക്കുന്നു; അനുലോമവശത്ത്, അത് നമ്മിലേക്ക് ജീവൻ പകരുന്നു.
- അതിനാൽ, ഇതിന് രണ്ടു വശങ്ങളുണ്ട്. വീണ്ടെടുപ്പിന്റെ വശവും ജീവൻ പകരുന്ന വശവും.
- കർത്താവിന്റെ തുളയ്ക്കപ്പെട്ട വിലാപ്പുറം, ഹവ്വയെ ഉളവാക്കിയ ആദാമിന്റെ തുറക്കപ്പെട്ട വിലാപ്പുറത്തെ (ഉല്പ.2:21-23) മുൻകൂട്ടി സൂചിപ്പിച്ചിരുന്നു.
- രക്തം പെസഹ കുഞ്ഞാടിന്റെ രക്തത്തെയും (പുറ.12:7,22; വെളി.12:11), വെള്ളം, അടിക്കപ്പെട്ട പാറയിൽനിന്ന് പുറത്തേക്ക് ഒഴുകിയ വെള്ളത്തെയും (പുറ.17:6; 1 കൊരി.10:4) സൂചിപ്പിച്ചു.
- രക്തം പാപം കഴുകിക്കളയുന്നതിനുള്ള ഒരു ഉറവയായി രൂപപ്പെടുകയും (സെഖ.13:1), വെള്ളം "ജീവന്റെ ഉറവ" (സങ്കീ.36:9; വെളി.21:6) ആയിത്തീരുകയും ചെയ്തു.

**A. അവന്റെ ഒരു അസ്ഥിയും ഒടിക്കപ്പെട്ടില്ല—വാ.**

1. കർത്താവ് അതിനകം മരിച്ചതുകൊണ്ട്, അവർക്ക് അവന്റെ അസ്ഥികൾ ഒടിക്കേണ്ട ആവശ്യമില്ലായിരുന്നു.
2. ഇത് സൂചിപ്പിക്കുന്നത്, ഒരർത്ഥത്തിൽ കർത്താവായ യേശു മനുഷ്യകരങ്ങളാൽ മരണത്തിന് ഏൽപ്പിക്കപ്പെടുകയായിരുന്നില്ല. പിന്നെയോ സ്വയം മരിക്കുകയായിരുന്നു എന്നാണ്. (യോഹ. 10:17, 18)
3. വാസ്തവത്തിൽ അവൻ തന്റെ ദേഹിജീവൻ (psuche life), വച്ചുകൊടുക്കുകയും മരിക്കുകയും ചെയ്തു
4. കർത്താവിന്റെ ഒരസ്ഥിയും ഒടിക്കപ്പെടാതിരുന്നത് പെസഹാ കുഞ്ഞാടിന്റെ അസ്ഥികൾക്ക് ദൃഷ്ടാന്തമാണ്. (പുറ.12:46; സംഖ്യ. 9:11-12)
5. ഉല്പത്തി 2:21-23-ൽ,"അസ്ഥി" തിരുവെഴുത്തുകളിലെ ആദ്യ പരാമർശമായി നാം കാണുന്നു,

**ചൊവ്വ:**

6. അവിടെ ആദാമിൽനിന്ന് ഒരു വാരിയെല്ല് എടുക്കുകയും, അതുകൊണ്ട് ഒരു മണവാട്ടിയെ ഉണ്ടാക്കുകയും ചെയ്തു. ഹവ്വ സഭയ്ക്ക് മുൻകുറിയും, ആദാം ക്രിസ്ത വിന് മുൻകുറിയും, അസ്ഥി ക്രിസ്തുവിന്റെ പുനരുത്ഥാനജീവന് മുൻകുറിയും ആണ്.
7. ഹവ്വ, ആദാമിന്റെ അസ്ഥിയിൽനിന്ന് വന്നതുപോലെ, സഭ, ക്രിസ്തുവിന്റെ പുനരുത്ഥാനജീവനിൽനിന്ന് വരുന്നു.
8. ഹവ്വ ഒരു അസ്ഥിയിൽനിന്ന് നിർമ്മിക്കപ്പെട്ടു; സഭ ദിവ്യ ജീവനാൽ ഉളവാകുന്നു. അങ്ങനെ, അസ്ഥി പുനരുത്ഥാനജീവന് ഒരു മുൻകുറി ആണ്.

**B. അവന്റെ വിലാപ്പുറം തുളയ്ക്കപ്പെട്ടു—വാ. 34,37**

- കർത്താവിന്റെ പുനരുത്ഥാനജീവൻ തകർക്കപ്പെട്ടില്ലെങ്കിലും, തന്റെ ദിവ്യ ജീവൻ പുറത്തേക്ക് വിടുവിക്കപ്പെടുവാൻ അവൻ തന്നെ തകർക്കപ്പെട്ടു
- ഇവിടെ വെള്ളം ജീവനെ സൂചിപ്പിക്കുന്നു. ഇതാണ് പഴയനിയമത്തിൽ യിസ്രായേൽ മക്കളുടെ ദാഹം ശമിപ്പിക്കുവാനായി ജീവജലം ഒഴുക്കിയ അടിക്കപ്പെട്ട പാറ ചിത്രീകരിക്കുന്നത് (പുറ.17:6)
- കർത്താവിന്റെ ജീവൻ ജീവജലമായി സ്വീകരിക്കുന്നതിനു മുമ്പ്, നാം ആദ്യം കഴുകപ്പെടണം. അതുകൊണ്ട്, രക്തം ആദ്യത്തെ സംഗതിയായും വെള്ളം രണ്ടാമത്തെ സംഗതിയായും പരാമർശിച്ചിരിക്കുന്നു.

1. ആദാമിന്റെ തുറക്കപ്പെട്ട വിലാപ്പുറം മുൻകുറി—ഉല്പ. 2:21
    a. ആദാമിന്റെ വിലാപ്പുറം തുറക്കപ്പെടുകയും ഒരു വാരിയെല്ല് എടുക്കപ്പെടുകയും ചെയ്തു. ഇവിടെ യേശുവിന്റെ വിലാപ്പുറം തുറക്കപ്പെടുകയും തുറന്ന വിലാപ്പുറത്തുനിന്ന് രക്തവും വെള്ളവും പുറത്തേക്ക് ഒഴുകുകയും ചെയ്തു.
2. പുറത്തേക്ക് ഒഴുകുന്ന രക്തം വീണ്ടെടുപ്പിനുവേണ്ടി
    a. പാപങ്ങൾ കഴുകിക്കളയുന്നതിനുവേണ്ടിയുള്ള ഉറവയായി ഭവിച്ച രക്തം സഭയെ വിലയ്ക്കു വാങ്ങുന്നതിനുള്ള വിലയായിരുന്നു

**ബുധൻ:**

3. പുറത്തേക്ക് ഒഴുകുന്ന വെള്ളം ജീവൻ പകരുന്നതിനുവേണ്ടി
    a. രക്തം, കഴുകുന്നതിനുള്ള ഉറവയായി രൂപപ്പെട്ടപ്പോൾ, വെള്ളം, കുടിക്കുന്നതിനുള്ള ഉറവയായി രൂപപ്പെട്ടു. രക്തം, സഭയെ വിലയ്ക്കുവാങ്ങുന്നതിനുവേണ്ടിയായിരുന്നുവെങ്കിൽ, നിത്യജീവനെ സൂചിപ്പിക്കുന്നതായ വെള്ളം സഭയെ ഉളവാക്കുന്നതിനുവേണ്ടി ആയിരുന്നു.
    b. കർത്താവിന്റെ മരണത്തിന്റെ രണ്ടാമത്തെ ഈ വശം, ജീവൻ വിടുവിക്കുന്നതും, ജീവൻ പ്രചരിപ്പിക്കുന്നതും ജീവൻവർദ്ധിപ്പിക്കുന്നതുമായ മരണം, ജനിപ്പിക്കുന്നതും പുനരുത്പാദിപ്പിക്കുന്നതുമായ മരണം ആണ്. (12:24)
    c. അത് ജനിപ്പിക്കുന്നതും പുനരുത്പാദിപ്പിക്കുന്നതുമായ മരണമാണ്.
    d. മരണത്തിലൂടെ മണിയുടെ ഉള്ളിലെ ജീവൻ വിടുവിക്കപ്പെടുന്നു. അതുപോലെ, ക്രൂശിന്മേലുള്ള മരണത്താൽ, ക്രിസ്തുവിന്റെ ദിവ്യജീവൻ വിടുവിക്കപ്പെട്ടു. അതുകൊണ്ട്, അവന്റെ മരണം ജീവൻ പുറത്തുകൊണ്ടുവരുന്ന മരണമായിരുന്നു.
    e. യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ, കുഞ്ഞാട് മാത്രം ഉണ്ടായിരുന്നാൽ പോരാ, നമുക്ക് പ്രാവും ആവശ്യമാണ്. കുഞ്ഞാട് പ്രധാനമായും വീണ്ടെടുപ്പിനു വേണ്ടിയാണ്, പ്രാവ് പ്രധാനമായും ജീവൻ പകരുന്നതിനുവേണ്ടിയും. ഇതാണ് ദൈവത്തിന്റെ വ്യവസ്ഥ,
    f. വീണ്ടും ജനിക്കാതെ നാം വീണ്ടെടുക്കപ്പെടുകയാണെങ്കിൽ, നമ്മുടെ അവസ്ഥ ദയനീയമായിരിക്കും. വീണ്ടെടുപ്പിന് പിന്നാലെയുള്ള ജീവന്റെ പകർച്ചയാണ് ദൈവത്തിന്റെ ഉദ്ദേശ്യം.

**വ്യാഴം:**

**VI. മനുഷ്യ ആദരവിൽ വിശ്രമിക്കുന്നു**

1. അവന്റെ കഷ്ടതകളുടെ സാഹചര്യം പെട്ടെന്ന് മഹിമയുടേതായി മാറി. അവന്റെ മരണത്തിനു മുമ്പ്,
2. സകലവും ദുഷിച്ചതും മരണകരവുമായിരുന്നു;
3. എന്നാൽ അവന്റെ മരണത്തിനുശേഷം സകലവും ആനന്ദകരവും യോഗ്യവും ആയി.
4. അരിമഥ്യക്കാരനായ യോസേഫ് എന്ന “ധനവാനും”, “യെഹൂദന്മാരുടെ ഒരു പ്രമാണി” ആയ നിക്കോദേമൊസ്സും, അവന്റെ ശരീരം സംസ്കരിക്കുന്നതിന് തയ്യാറാക്കുവാൻ ശീലയും വിലയേറിയ സുഗന്ധവർഗ്ഗങ്ങളായ മൂറും അകിലും കൊണ്ടുവന്നു.

5. “സമ്പന്നന്മാരോടുകൂടെ ഒരു പുതിയ കല്ലറയിൽ സംസ്കരിച്ചുകൊണ്ട്” (വാ.41; യെശ.53:9) അവന്റെ ശരീരത്തിനുവേണ്ടി കരുതിയത് ദരിദ്രന്മാരായിരുന്നില്ല, കുലീനന്മാരായിരുന്നു.
6. അപമാനത്തിലായിരുന്നു അവൻ കൊല്ലപ്പെട്ടതെങ്കിലും, ആദരവിൽ അവൻ സംസ്കരിക്കപ്പെട്ടു.

## വെള്ളി:

**ചോദ്യങ്ങൾ:**

1. യോഹന്നാൻ 18 ലും 19 ലും ഉള്ള പരിശുദ്ധാത്മാവിന്റെ ചിന്ത വിവരിക്കുക
2. കർത്താവിന്റെ തുളയ്ക്കപ്പെട്ട വിലാപുറത്തുനിന്ന് പുറപ്പെട്ട രക്തത്തിന്റെയും വെള്ളത്തിന്റെയും ആത്മിക അർഥം വിവരിക്കുക
3. കർത്താവിന്റെ ഒരു അസ്ഥിയും ഒടിക്കപ്പെട്ടില്ല എന്നതിന്റെ ആത്മിക അർഥം വിവരിക്കുക
4. കർത്താവിന്റെ കഷ്ടതകളുടെ സാഹചര്യം പെട്ടെന്ന് മഹിമയുടേതായി മാറിയത് എങ്ങനെ എന്ന് വിവരിക്കുക